<u>പതിനാലാം കേരളനിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4286** **17.05.2017-ൽ മറുപടിക്ക്**

## പൊതുസ്ഥലത്തെ പുകവലി നിരോധനം

| ചോദ്യം<br><br>ശ്രീ. അനിൽ അക്കര<br>ശ്രീ. വി.ടി. ബൽറാം<br>ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. എം. വിൻസെന്റ് | | മറുപടി<br><br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | പൊതുസ്ഥലത്തെ പുകവലി നിയമംമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് പുകയില ഉപയോഗം വ്യാപകമാകുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നിരോധനവും ബോധവൽക്കരണവും നിലവിലുണ്ടെങ്കിലും, പൊതുസ്ഥലങ്ങളിൽ പരസ്യമായി പുകവലിക്കുന്നവരുടെ എണ്ണം ഏറുന്ന എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് പൊതുസ്ഥലത്ത് പരസ്യമായി പുകവലിക്കുന്നവരുടെ എണ്ണം ഏറിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുസ്ഥലത്ത് പുകവലി നിരോധനം കൃത്യമായി നടപ്പിലാക്കുന്നതിനുവേണ്ടി ഇത്തരക്കാരെ കണ്ടെത്തി നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| സി) | 2017 ജനുവരി 1 മുതൽ മാർച്ച് 31 വരെ പൊതുസ്ഥലങ്ങളിൽ പുകവലിച്ചതിന് എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും എത്ര തുക പിഴയായി ഈടാക്കിയെന്നും വ്യക്തമാക്കാമോ? | (സി) | 2017 ജനുവരി 1 മുതൽ മാർച്ച് 31 വരെ പൊതുസ്ഥലങ്ങളിൽ പുകവലിച്ചതിന് 42879 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. 13028200/- രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ